**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3433** **02-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തൻചാൽ കാർഷിക വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | നബാർഡ് ആർ.ഐ.ഡി.എഫ് XXV - ൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതിയ്ക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 709.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി ലഭിച്ച ശേഷം ടെണ്ടർ ചെയ്യുകയും 3 തവണ റീ-ടെണ്ടർ ചെയ്തിട്ടും ആരും ടെണ്ടർ എടുക്കാതെ വരികയും, തുടർന്ന് DSoR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും പദ്ധതി 2 റീച്ചുകളായി തിരിച്ച് ടെണ്ടർ നടത്തി 12/04/2022 ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തോടിന്റെ ആഴം കൂട്ടൽ, തോടിന്റെ ഇരുവശങ്ങളിലും പാർശ്വഭിത്തി കരിങ്കല്ല് കെട്ടി സംരക്ഷിക്കൽ, ഫാം റോഡിന്റെ നിർമ്മാണം തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം റീച്ചിന്റെ ആഴം കൂട്ടേണ്ട തോടിന്റെ ഇനീഷ്യൽ ലെവൽ എടുക്കുകയും 150 മീറ്റർ പാർശ്വഭിത്തി കരിങ്കല്ല് കെട്ടി സംരക്ഷണ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | 150 മീറ്റർ പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഇനി പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്ന് അറിയിക്കുമോ; | (സി) | നിലവിൽ നാമമാത്ര പുരോഗതി മാത്രം കൈവരിച്ചിട്ടുള്ള ടി പദ്ധതിയിലെ തോടിന്റെ ആഴം കൂട്ടൽ, ഫാം റോഡിന്റെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നീ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ഡി) | നിലവിൽ നാമമാത്ര പുരോഗതി മാത്രം കൈവരിച്ചിട്ടുള്ള ടി പദ്ധതിയിലെ തോടിന്റെ ആഴം കൂട്ടൽ, ഫാം റോഡിന്റെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നീ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | രണ്ടാം ഭാഗത്തിൽ ആഴം കൂട്ടേണ്ട തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിൽ തടസ്സങ്ങളുള്ളതിനാൽ, തോടിന്റെ വശങ്ങളിൽ അതിർത്തി നിർണ്ണയിച്ചു തരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ജില്ലാ സർവ്വെയറുടെ കാര്യാലയത്തിലേയ്ക്ക് സർവ്വെ സ്കെച്ച് തയ്യാറാക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരം ഒന്നാം റീച്ചിന്റെ പ്രവൃത്തികൾ മാർച്ച് 31 നുള്ളിൽ 57% പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും അല്ലാത്തപക്ഷം നിയമപരമായ നടപടി നേരിടേണ്ടിവരുമെന്നും കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ